# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 108 — 28.11.2018-ൽ മറുപടിക്ക്

**<u>കസ്റ്റഡി മരണങ്ങൾ സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. വി. ഡി. സതീശൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നടക്കുന്ന കസ്റ്റഡി മരണങ്ങളെക്കുറിച്ച് നടത്തിയ ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിൽ കസ്റ്റഡിമരണം അവസാനിപ്പിക്കുന്നതിന് എന്തൊക്കെ ശിപാർശകളാണുള്ളത് എന്ന് വെളിപ്പെടുത്താമോ; | (എ) 01.04.2006 മുതൽ 16.08.2006 വരെ സംസ്ഥാനത്ത് നടന്ന കസ്റ്റഡി മരണങ്ങളെ കുറിച്ച് അന്വേഷണം നടത്തിയ ജസ്റ്റിസ് ആർ.രാജേന്ദ്രബാബു അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു. |
| (ബി) ഇവയിൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ബി) ജസ്റ്റിസ് ആർ. രാജേന്ദ്രബാബു അന്വേഷണ കമ്മീഷന്റെ ശുപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് അനുബന്ധം - II ആയി ചേർത്തിരിക്കുന്നു. |
| (സി) സംസ്ഥാനത്ത് കസ്റ്റഡി മരണങ്ങൾ ആവർത്തിക്കാതിരിക്കുന്നതിലേക്കായി കമ്മീഷൻ ശിപാർശകൾ കർശനമായി നടപ്പാക്കുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) കസ്റ്റഡി മരണങ്ങളിൽ കാര്യക്ഷമമായ അന്വേഷണം നടത്തുകയും കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. കസ്റ്റഡി മരണങ്ങൾ പോലുള്ള സംഭവങ്ങൾ പോലീസ് സ്റ്റേഷനുകളിൽ പാടില്ലായെന്നും |

സുപ്രീം കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ചുംമാത്രം പ്രതികളെ അറസ്റ്റ് ചെയ്യുവാനും, രാത്രിയിൽ കസ്റ്റഡിയിൽ എടുക്കുന്ന പ്രതികളെ കൃത്യമായ മെഡിക്കൽ പരിശോധനയ്ക്കുശേഷം മാത്രമേ കസ്റ്റഡിയിൽ സൂക്ഷിക്കുവാൻ പാടുള്ളൂ എന്നും സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കുന്ന എല്ലാ വ്യക്തികളോടും വളരെ മാന്യമായി മാത്രമേ പെരുമാറുവാൻ പാടുള്ളൂ എന്ന നിർദ്ദേശവും അവബോധവും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം I

***The Commission had considered the suggestions made from all sources. The Commission adopts all the recommendations made by Justice K.T. Thomas Commission in its report on the "Kerala Police Performance and Accountability". Most of the suggestions made before this Commission relate to police reforms. The implementation of the recommendations of Justice K.T.Thomas Commission, on Police Performance and Accountability would improve the efficiency and integrity of the police force. Police force should always be efficient and effective and free from corruption. The general public should have confidence in police. The police will have to achieve the confidence of the public by their own deeds and acts and their approach to the people. As most of the suggestions made before this Commission relate to the reforms of police the Commission recommends the implementation of the recommendations in the report on police performance and Accountability.***

When a person is remanded to the Sub Jail or District jail by the Court, he is presumed to be in Judicial Custody. But due to the heavy pressure of work, in courts, no Judicial officer gets time to visit the jail, or consider what happens to the prisoner. Judicial officers cannot have control over the jail authorities and there is chance of torture of prisoners in jail. Some check should be made to the illegal activities in the jails. After considering all the suggestions and aspects, the Commission makes the following few **recommendations:**

***<u>POLICE</u>***

1. ***Implementation of strict compliance of the guidelines issued by the Hon'ble Supreme Court in the decision in D.K.Basu v. State of West Bengal (1997 (1) S.C.C. 416) in all police station.***
2. ***Periodical in service training programs to all police officers and police constables on the Constitution of India, Human Rights, Human behaviour, laws which the police has to deal with frequently and also about their responsibility to the citizens.***

*Arranging programs of interaction with local public would be a step to win the confidence of the public.*

3. *Avoid, as far as possible, the arrest of persons in connection with petty/trivial cases or minor offences like playing of cards in public places (not gambling). If persons are held in such cases, they will have to be released then and there after recording the name and full address of such persons. The present procedure of chasing and apprehending them has to be discouraged as far as possible.*
4. *As far as possible arrest need be made only with respect to cases of grave offences and arrested persons should be produced before the Magistrate at the earliest possible.*
5. *Bifurcation of separate team of police officers and constables for investigation of cases and separate team for implementing law and order.*
6. *Time of working hours of police personnel has to be limited to eight hours in accordance with the availability of police personnel. Strength of police force will have to be increased for achieving the above aim.*
7. *In the case of death of a person while in police custody or while he was chased by the police, crime may not be registered at the instance of the officer in charge of the police station or the officer who chased the person but has to be registered only by a different officer preferably by a Circle Inspector of Police.*
8. *When a person is arrested and produced before the court and injuries are there on his body, the remand report shall also disclose the injuries and how such injuries had been sustained by the injured and the same has to be brought to the notice of the Magistrate/Judicial Officer.*
9. *Justice K.T. Thomas Commission report on Police Performance and Accountability at para 3.58 and 3.59 envisage the installation of a complaint box in every office of the local body(Corporation, Municipality and Panchayat) under the lock and key of the*

*president of the lock body and the complaint box has to be opened once in a month by the president in the presence of the Principal of the local college and the Principal or Headmaster of the Higher Secondary School and to report to the Superintendent of Police, if there is substances in the complaint.*

*The same body of persons may be authorized to make periodical visits of the police stations and to meet the persons in custody or in lockup and if any complaints are received, to report to the Superintendent of Police.*

10. *The Advocates of Kozhikode Bar submitted that some of the Judicial Officers refuse to record the grievances of the arrestees and to record the injuries found on their body when produced before them. In the light of the above submission the following recommendation also is made.*

*When an arrestee is produced before a magistrate/Judicial Officer the arrestee has to be asked whether he has nay complaint against the arrested officials and if he makes nay complaint against such officials of any torture or harassment, the Magistrate/Judicial Officer has to record the complaint of the arrestee and also torecord the injuries found on his body, if any, and has to send him for medical treatment. (This recommendation may be brought to the notice of the Hon'ble High Court).*

***(Sub/District Jail)***

11. *Advocates will have to be permitted to meet the prisoner in jail at any time during day time on request for meeting the client, without detaining them at the jail gate. Advocates will have to be permitted to discuss the case with their clients confidentially, and suitable arrangement has to be made in the jail.*

12. *Orders issued from courts releasing the prisoner from the jail will have to be strictly complied with by the jail authorities in its spirit, irrespective of the time of production of the order,*

13. *The persons intending to meet the prisoners will have to be permitted to meet the prisoners whenever such request is made, during day time if no visiting time had been fixed and notified. Such persosns should not be detained in front of the jail gate indefinitely.*

14. *The jail authorities should keep a register of visitors, and all applications filed for meeting the prisoners will have to be entered in the register, and if permission is not granted, reasons should be recorded in the application as well as in the register. Complaints regarding refusal to receive the applications by jail authorities should be dealt with seriously.*

15. *Two persons(visitors) can be permitted for meeting a prisoner, on a day and visitors can be allowed to meet the prisoner on all days unless there is prohibition of law or from the court.*

16. *Whenever a prisoner falls ill or is hospitalized, the matter shall immediately be reported to the concerned court as well as the relatives of the prisoner.*

17. *The relatives of prisoners will have to be permitted to meet the prisoners in the hospital also. Instruction has to be given to the police personals in the prisoners' cell in the hospitals to permit the relatives to meet the prisoners in the cell.*

18. *If any prisoner sustains any injury while in the jail, the matter has to be reported to the court remanded him and to the relatives of the prisoner and he has to be given medical treatment also.*

19. *Close circuit TVs will have to be installed in all sub jails and district jails monitoring the movements in the jail.*

20. *A Vigil Committee has to be constituted by the Government under the convenership of the Public Prosecutor of the District. The Committee may consist of the Public Prosecutor of the District, two Advocates practicing in the same District and Sessions Court, the Principal of the nearby College and the local Councilor of the Corporation/Municipality. The Committee should have the right to*

visit the jail without giving notice to the jail authorities and to have discussion with the prisoners in jail in the absence of the jail authorities. The Public Prosecutor will have to prepare a report and to place the same before the concerned District and Sessions Judge atleast once in a month. In the case of Sub Jails, a similar committee can be constituted under the convenership of the Additional Public Prosecutor of the nearest Court and the report has to be filed before the local Assistant Sessions Judge/Magistrate.

JUSTICE R RAJENDRA BABU
COMMISSION OF INQUIRY

# ACTION TAKEN STATEMENT

**01.04.2006** മുതൽ 16.08.2006 വരെ ഉണ്ടായതായി പറയപ്പെടുന്ന കസ്റ്റഡി മരണങ്ങളെയും പോലീസ് അതിക്രമങ്ങളെയും പറ്റി അന്വേഷിച്ച ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്.

01.04.2006 മുതൽ 16.08.2006 വരെ 15 മരണങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. പ്രസ്തുത മരണങ്ങളെപ്പറ്റിയുള്ള കമ്മീഷൻ നിഗമനങ്ങളും ശുപാർശകളും താഴെപ്പറയും പ്രകാരമാണ്.

1. ശ്രീ. അബ്ദുൾ റസാക്ക് - പന്നിയങ്കര പോലീസ് സ്റ്റേഷൻ, കോഴിക്കോട്

അബ്ദുൾ റസാക്കിൻെറ മരണം ഹൃദയസ്തംഭനം മൂലം ഉണ്ടായിട്ടുള്ളതാണ്.

ശുപാർശ :- അബ്ദുൾ റസാക്കിൻെറ കുടുംബത്തിൽ അവശേഷിക്കുന്നത് അദ്ദേഹത്തിൻെറ ഭാര്യയും വിവാഹം കഴിഞ്ഞിട്ടില്ലാത്ത രണ്ടു പെൺ കുട്ടികളും 19 വയസ്സുള്ള മകനുമാണ്. ഈ സാഹചര്യത്തിൽ അദ്ദേഹത്തിൻെറ കുടുംബത്തിന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകേണ്ടതാണ്.

നടപടി :- 30,000/- രൂപ സാമ്പത്തിക സഹായം അനുവദിക്കാൻ തീരുമാനിച്ചു.

2. ശ്രീ. പരമേശ്വരൻെറ മരണം - മംഗലംഡാം പോലീസ് സ്റ്റേഷൻ, പാലക്കാട്

ശ്രീ. പരമേശ്വരൻെറ മരണം ഹൃദയസ്തംഭനം മൂലമാണ്.

ശുപാർശ :- പട്ടികജാതിയിൽപ്പെട്ട ശ്രീ. പരമേശ്വരനെ ആശ്രയിച്ചാണ് അദ്ദേഹത്തിൻെറ പ്രായമായ അമ്മ ശ്രീമതി. കാളി കഴിഞ്ഞു പോന്നിരുന്നത് അതിനാൽ ശ്രീമതി കാളിക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകേണ്ടതാണ്.

നടപടി :- 30,000/- രൂപ സാമ്പത്തിക സഹായം അനുവദിക്കാൻ തീരുമാനിച്ചു.

3. ശ്രീ. പ്രസന്നൻെറ മരണം - മാവേലിക്കര സബ്ജയിൽ (എക്സൈസ് കേസ്).

എക്സൈസ് അധികാരികൾ ശ്രീ. പ്രസന്നനെ അറസ്റ്റ് ചെയ്തത് സുപ്രീം കോടതി ഇതിനായി നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ ശരിയാംവിധം പാലിച്ചായിരുന്നില്ല. ജയിലിൽ അധികൃതർ അദ്ദേഹത്തിന് വേണ്ട വൈദ്യ സഹായം ലഭ്യമാക്കിയിരുന്നില്ല. ജയിൽ അധികൃതരുടേയോ സഹതടവുകാരുടേയോ പീഢനം മൂലം അദ്ദേഹത്തിൻെറ ശരീരത്തിൽ ധാരാളം മുറിപ്പാടുകൾ ഉണ്ടായിരുന്നു.

ശുപാർശ :- പോലീസിലെ ഒരു സ്പെഷ്യൽ ടീമിനെക്കൊണ്ട് ഈ കേസ് പുനരന്വേഷിക്കേണ്ടതാണ്. കൂടാതെ അദ്ദേഹത്തിൻെറ രോഗിണിയായ മാതാവിന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകേണ്ടതാണ്.

നടപടി :- ക്രൈംബ്രാഞ്ചിനെ അന്വേഷണ ചുമതല ഏൽപ്പിക്കുവാനും.
30,000/- രൂപ സാമ്പത്തിക സഹായം അനുവദിക്കാനും തീരുമാനിച്ചു.

4. ശ്രീ. രാജൻെറ മരണം, ജില്ലാ ജയിൽ, കോഴിക്കോട് (എക്സൈസ് കേസ്).

ശ്രീ. രാജനെ അറസ്റ്റ് ചെയ്ത് കോടതി മുൻപാകെ ഹാജരാക്കിയ അവസരത്തിൽ എക്സൈസ് ഉദ്യോഗസ്ഥരും ആശുപത്രിയിൽ ആക്കിയ അവസരത്തിൽ സെല്ലിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരും അദ്ദേഹത്തെ ബലമായി പിടിച്ചുകെട്ടിയതുമൂലം അദ്ദേഹത്തിന് ആന്തരിക മുറിവുകൾ ഉണ്ടായതായും തെളിവുകൾ വ്യക്തമാക്കുന്നു. കൂടാതെ അദ്ദേഹത്തിന്, ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ യഥാസമയം ചികിത്സയും നൽകുകയുണ്ടായില്ല.

ശുപാർശ :- ശ്രീ. രാജൻ പട്ടികജാതിയിൽപ്പെട്ട ആളാണ്. അദ്ദേഹത്തിൻെറ ഭാര്യയും രണ്ടു കുട്ടികളും അദ്ദേഹത്തെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നത്. അതിനാൽ അവർക്ക് രണ്ട് ലക്ഷം രൂപ സാമ്പത്തികസഹായം നൽകേണ്ടതും തുക ഡോക്ടറിൽ നിന്നും അദ്ദേഹത്തിൻെറ നേരെ ബലപ്രയോഗം നടത്തിയ പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

നടപടി :- 1) ഉചിതമായ സാമ്പത്തിക സഹായം അനുവദിക്കാൻ തീരുമാനിച്ചു

2) എക്സൈസ് /പോലീസ്/ഡോക്ടർ എന്നിവരുടെ പേരിൽ അന്വേഷണം നടത്തി നടപടി കൈക്കൊള്ളുവാനും. സഹായമായി നൽകുന്ന തുക ഉത്തരവാദികളാണെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥന്മാരിൽ നിന്നും ഈടാക്കാനുള്ള നടപടി സ്വീകരിക്കുവാനും തീരുമാനിച്ചു.

5. ശ്രീ. ആനന്ദ് രാജിൻെറ മരണം - ജില്ലാ ജയിൽ (തിരുവനന്തപുരം).

ശ്രീ. ആനന്ദ് രാജിൻെറ മരണം അദ്ദേഹത്തിനുണ്ടായിരുന്ന അസുഖം മൂലമായിരുന്നു എന്ന് വ്യക്തമാണ്. എന്നാൽ അദ്ദേഹത്തിൻെറ ശരീരത്തിലുണ്ടായിരുന്ന മുറിവുകളെപ്പറ്റി ജയിൽ അധികൃതർക്ക് വ്യക്തമായ വിശദീകരണം നൽകുവാൻ സാധിച്ചിട്ടില്ല.

ശുപാർശ :- ശ്രീ. ആനന്ദ് രാജിൻെറ ശരീരത്തിലുണ്ടായിരുന്ന മുറിവിനെപ്പററി അന്വേഷിക്കേണ്ടതാണ്. കൂടാതെ പട്ടികജാതിയിൽപ്പെട്ട അദ്ദേഹത്തിൻെറ കുടുംബസ്ഥിതി കണക്കിലെടുത്ത് ഭാര്യക്ക് എന്തെങ്കിലും തൊഴിൽ നൽകുകയും കുടുംബത്തിന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകേണ്ടതുമാണ്.

നടപടി :- 1) 30,000/- രൂപ സാമ്പത്തിക സഹായം അനുവദിക്കുവാനും.

2) ഡിസ്ട്രിക് മജിസ്ട്രേട്ടിനെക്കൊണ്ട് അന്വേഷിപ്പിക്കുവാനും തീരുമാനിച്ചു.

6. ശ്രീ. ലിയോൺ രാജുവിൻെറ മരണം - പെരിന്തൽമണ്ണ.

ശ്രീ. ലിയോൺ രാജു ലൂക്കേമിയ രോഗം മൂലമാണ് മരണപ്പെട്ടത് അദ്ദേഹത്തിൻെറ മരണത്തിന് ആരും ഉത്തരവാദികൾ അല്ല.

അനന്തര നടപടികൾ ഇല്ല.

7. ശ്രീ. സുനുക്കുട്ടൻെറ മരണം - സെൻട്രൽ ജയിൽ, തിരുവനന്തപുരം.

ശ്രീ. സുനുക്കുട്ടൻ മെഡിക്കൽ കോളെജിലെ നാലാം നിലയിലെ സെല്ലിൻെറ ജനൽ വഴി പുറത്തേക്കു ചാടി ആത്മഹത്യ ചെയ്യുകയായിരുന്നു. അദ്ദേഹത്തിൻെറ മരണത്തിന് ആരെയും കുറ്റപ്പെടുത്തുവാൻ സാധിക്കുകയില്ല.

അനന്തര നടപടികൾ ഇല്ല.

8. ശ്രീ. ബാലചന്ദ്ര രതിലാൽ ജാനിയുടെ മരണം - സെൻട്രൽ ജയിൽ തിരുവനന്തപുരം

നെഞ്ചുവേദനയെ തുടർന്ന് മരണപ്പെട്ട ശ്രീ. ബാലചന്ദ്ര രതിലാൽ ജാനിയുടെ മരണത്തിന് ആരേയും കുറ്റപ്പെടുത്തുവാൻ സാധിക്കുകയില്ല.

അനന്തര നടപടികൾ ഇല്ല.

9. ശ്രീ. മിൽട്ടൻെറ മരണം (തൃശ്ശൂർ)

ശുപാർശ :- ശ്രീ. മിൽട്ടണെ വിടാതെ പിൻതുടർന്നത്, പോലീസിൻെറ ഭാഗത്തുനിന്നുള്ള അതിക്രമമാണ്. വെള്ളത്തിൽ വീണതുമൂലം മരണപ്പെട്ട മിൽട്ടൻ എങ്ങനെയാണ് പോലീസ് പിൻതുടർന്നപ്പോൾ വെള്ളത്തിൽ വീണത് എന്നതിനെപ്പറ്റി വിശദമായി അന്വേഷിക്കേണ്ടതാണ്.

മിൽട്ടൻെറ അനാഥമായ കുടുംബത്തിന് രണ്ടു ലക്ഷം രൂപ നഷ്ട പരിഹാരം നൽകേണ്ടതും തുക മിൽട്ടൻെറ മരണത്തിന് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

നടപടി :- 1) ടി സംഭവം, ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുവാനും തീരുമാനിച്ചു. ഉചിതമായ സാമ്പത്തിക സഹായം അനുവദിക്കാനും തീരുമാനിച്ചു. ടി തുക ഉത്തരവാദികളാണെന്ന് കണ്ടെത്തുന്ന പോലീസ് ഉദ്യോഗസ്ഥന്മാരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

10. ശ്രീ. പ്രദീപ് കുമാറിൻെറ മുങ്ങിമരണം - ആറ്റിങ്ങൽ

യാതൊരു കാരണവുമില്ലാതെ പോലീസിനെക്കണ്ട് ഓടിപ്പോയ പ്രദീപ് കുമാർ കണറ്റിൽ വീണ് മരിക്കുകയാണുണ്ടായത്. ഈ മരണത്തിൽ പോലീസിന് യാതൊരു ബന്ധവുമില്ല.

ശുപാർശ :- പട്ടിക ജാതിയിൽപ്പെട്ട പ്രദീപ് കുമാറിൻെറ കുടുംബത്തിൻെറ ദയനീയ സ്ഥിതി കണക്കിലെടുത്ത് അദ്ദേഹത്തിൻെറ ഭാര്യയ്ക്ക് ഏതെങ്കിലുമൊരു തൊഴിലോ സാമ്പത്തിക സഹായമോ നൽകേണ്ടതാണ്.

നടപടി :- 30,000/- രൂപ സാമ്പത്തിക സഹായം അനുവദിക്കാൻ തീരുമാനിച്ചു

11. രാജേഷിൻെറ മുങ്ങിമരണം (ആക്കുളം കായൽ)

പോലീസിനെക്കണ്ട് ഭയന്നോടി വെള്ളത്തിൽ ചാടിയ രാജേഷിനെ പോലീസ് സംഘം കല്ലെറിഞ്ഞതായി തെളിഞ്ഞിട്ടുണ്ട്. ഏറ് രാജേഷിനേറ്റില്ലെങ്കിലും ഇക്കാര്യത്തിൽ പോലീസ് അതിക്രമം ഉണ്ടായിട്ടുണ്ട്.

ശുപാർശ :- ഈ കേസിൽ പോലീസിൻെറ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുള്ളതിനാൽ ശ്രീ. രാജേഷിൻെറ മുത്തച്ഛന് ഒരു ലക്ഷം രൂപ നഷ്ട പരിഹാരം നൽകേണ്ടതാണ്. ഈ തുക പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാവുന്നതാണ്.

നടപടി :- രാജേഷിൻെറ മുത്തച്ഛൻ ശ്രീ. അപ്പുക്കുട്ടന് ഉചിതമായ സാമ്പത്തിക സഹായം അനുവദിക്കാനും. ടി തുക ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥന്മാരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കാനും തീരുമാനിച്ചു.

12. ഭാരതപ്പുഴയിൽ റിയാസിൻെറ മുങ്ങിമരണവും ജമാലുദ്ദീൻെറ തിരോധാനവും (തിരൂർ പോലീസ് സ്റ്റേഷൻ - മലപ്പുറം).

ഈ കേസിൽ പോലീസിനെ ഒരു തരത്തിലും കുറ്റപ്പെടുത്തുവാൻ സാധിക്കുകയില്ല.

ശുപാർശ :- വിവാഹിതനായിരുന്ന ജമാലുദ്ദീൻെറ ഭാര്യയും രണ്ട് കുഞ്ഞുങ്ങളുമാണ് അവശേഷിക്കുന്നത്. ജമാലുദ്ദീൻെറ കുടുംബത്തിന് എന്തെങ്കിലും സാമ്പത്തിക സഹായം ചെയ്യേണ്ടതാണ്.

നടപടി :- 30,000/- രൂപ സാമ്പത്തിക സഹായം അനുവദിക്കാൻ തീരുമാനിച്ചു.

13. നെയ്യാർഡാമിൽ സുനീറിൻെറ മുങ്ങിമരണം (വെള്ളറട പോലീസ് സ്റ്റേഷൻ)

ഈ കേസിൽ പോലീസിനെ ഒരു തരത്തിലും കുറ്റപ്പെടുത്തുവാൻ സാധിക്കുകയില്ല. മരണം പോലീസിൻെറ ഭാഗത്തുനിന്നുണ്ടായ ഏതെങ്കിലും വീഴ്ച കൊണ്ടുണ്ടായിട്ടുള്ളതല്ലെന്ന് വ്യക്തമാണ്.

അനന്തര നടപടികൾ ഇല്ല

14. ശ്രീമതി. രമ്യാ ചന്ദ്രൻെറ ആത്മഹത്യ (വടവാതൂർ - കോട്ടയം ജില്ല)

ശ്രീമതി. രമ്യാ ചന്ദ്രനെ പോലിസ് അധിക്ഷേപിച്ചതായി തെളിവുകളൊന്നും ഇല്ല. ശ്രീമതി. രമ്യയുടെ മരണത്തിന് പോലീസിനെ കുറ്റപ്പെടുത്തുവാൻ സാധിക്കുകയില്ല.

അനന്തര നടപടികൾ ഇല്ല

15. ശ്രീ. ഗോപിയുടെ മുങ്ങിമരണം (പാലോട് പോലീസ് സ്റ്റേഷൻ)

ശ്രീ. ഗോപിയുടെ മരണം ആത്മഹത്യ മൂലമാണ്. പോലീസിന് ഇക്കാര്യത്തിൽ യാതൊരു പങ്കുമില്ല.

അനന്തര നടപടികൾ ഇല്ല

മേല്പറഞ്ഞ കണ്ടെത്തലുകളും നിർദ്ദേശങ്ങളും കൂടാതെ കമ്മീഷൻ താഴെപ്പറയുന്ന ശുപാർശകളും നൽകിയിട്ടുണ്ട്.

1. ശുപാർശ:- ഡി.കെ. ബാസുവും ബസ്സ് ബംഗാളും തമ്മിലുള്ള കേസിൽ സുപ്രീം കോടതി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും കർശനമായി നടപ്പാക്കുക.

   നടപടി:- നിർദ്ദേശങ്ങൾ നിലവിലുണ്ട്. വീണ്ടും ഡി.ജി.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

2. ശുപാർശ:- ഇൻഡ്യൻ ഭരണഘടന, മനുഷ്യാവകാശം, പോലീസ് നിരന്തരം കൈകാര്യം ചെയ്യുന്ന നിയമങ്ങളിൽ വേണ്ടുന്ന മാനുഷിക സമീപനം, പൗരന്മാരോടുള്ള ഉത്തരവാദിത്വം എന്നിവ സംബന്ധിച്ച് പോലീസിന് കാലാകാലങ്ങളിൽ പരിശീലനം നൽകേണ്ടതാണ്. പോലീസിൻെറ പൊതുജന സമ്പർക്കം ജനങ്ങൾക്ക് പോലീസിനെ സംബന്ധിച്ച് വിശ്വാസം വളർത്താൻ ഉപകരിക്കുന്നതാണ്.

   നടപടി:- ഡി.ജി.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

3. ചീട്ടുകളി പോലുള്ള നിസ്സാര കാര്യങ്ങൾക്ക് ആളുകളെ അറസ്റ്റു ചെയ്യുന്ന പ്രവണത പോലീസ് ഒഴിവാക്കേണ്ടതാണ്. ഈ വക കാര്യങ്ങൾക്ക് ആളുകളെ പിടുകൂടുന്ന പക്ഷം അവരുടെ പേരും മുഴുവൻ വിലാസവും റിക്കാർഡ് ചെയ്ത ശേഷം അവരെ വെറുതെ വിടേണ്ടതാണ്. ഇപ്പോഴത്തെപ്പോലെ ഇത്തരക്കാരെ പിന്തുടർന്ന് അറസ്റ്റു ചെയ്യുന്ന നടപടി കഴിയുന്നതും നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഡി.ജി.പിക്ക് നിർദ്ദേശം നൽകാവുന്നതാണ്.

<u>നടപടി:-</u> ഡി.ജി.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

4. കഴിയുന്നതും കഠിനമായ കുറ്റകൃത്യങ്ങൾക്ക് മാത്രമേ ആളുകളെ അറസ്റ്റു ചെയ്യാവു. ഇപ്രകാരം അറസ്റ്റു ചെയ്യുന്ന ആളുകളെ എത്രയും പെട്ടെന്നു മജിസ്ട്രേട്ടിനു മുൻപാകെ ഹാജരാക്കേണ്ടതാണ്.

<u>നടപടി:-</u>ഡി.ജി.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

5. നിയമ പരിപാലനത്തിനും കേസന്വേഷണത്തിനും വേറെ വേറെ പോലീസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്.

<u>നടപടി:-</u>തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. മൂന്ന് സിറ്റികളിൽ ഇപ്പോൾതന്നെ നടപ്പിലാക്കി വരുന്നു.

6. പോലീസിൻെറ പ്രവർത്തന സമയം എട്ട് മണിക്കുറായി നിജപ്പെടുത്തേണ്ടതാണ്. ഇതിനായി പോലീസ് സേനയുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്.

<u>നടപടി:-</u> ഇപ്പോൾതന്നെ ചില പോലീസ് സ്റ്റേഷനുകളിൽ പ്രവർത്തന സമയം 8 മണിക്കുറായി നിജപ്പെടുത്തിയിട്ടുണ്ട്. ഘട്ടം ഘട്ടമായി മറ്റു സ്റ്റേഷനുകളിലും ഇത് നടപ്പിലാക്കുന്നതാണ്.

7. പോലീസ് കസ്റ്റഡിയിൽ വച്ചോ പോലീസ് വിരട്ടി ഓടിക്കുന്ന അവസരത്തിലോ ആരെങ്കിലും മരിക്കുന്ന പക്ഷം അതിനെ സംബന്ധിക്കുന്ന കേസ് സ്റ്റേഷൻ ചാർജ്ജുള്ള ഓഫീസറോ മരണപ്പെട്ട ആളെ പിന്തുടർന്ന ഓഫീസറോ രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല. ഇത്തരത്തിലുള്ള കേസ് സർക്കിൾ ഇൻസ്പെക്ടർ രജിസ്റ്റർ ചെയ്യുന്നതായിരിക്കും നല്ലത്.

<u>നടപടി:-</u> ഡി.ജി.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

8. കോടതിക്കു മുൻപാകെ ഹാജരാക്കുന്ന പ്രതിയുടെ ശരീരത്തിൽ മുറിവുകൾ വല്ലതുമുണ്ടെങ്കിൽ റിമാൻഡ് റിപ്പോർട്ടിൽ മുറിവുകളെ സംബന്ധിച്ച് വ്യക്തമായ വിവരണം നൽകിയിരിക്കേണ്ടതും അത് മജിസ്ട്രേട്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതായി രേഖപ്പെടുത്തുകയും വേണം.

<u>നടപടി:-</u> ഡി.ജി.പിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

9. കെ.ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിൽ എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും ഒരു പരാതിപ്പെട്ടി സ്ഥാപിക്കണമെന്നും പെട്ടിയുടെ ഉത്തരവാദിത്വം തദ്ദേശ ഭരണസ്ഥാപനത്തിലെ പ്രസിഡൻറിനായിരിക്കണമെന്നും എല്ലാ മാസവും ഏതെങ്കിലും ഒരു ദിവസം ആ സ്ഥലത്തെ കോളേജിലേയോ, ഹയർ സെക്കണ്ടറി സ്കൂളിലെയോ പ്രിൻസിപ്പാളിൻെറ സാന്നിദ്ധ്യത്തിൽ പെട്ടി തുറക്കുകയും പെട്ടിക്കുള്ളിലെ പരാതികളിൽ എന്തെങ്കിലും കഴമ്പുണ്ടെങ്കിൽ പോലീസ് സൂപ്രണ്ടിന് നടപടിക്കായി അയക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഇതേ ആൾക്കാരെ പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിലും ലോക്കപ്പിലും ഉള്ള ആളുകളെ സന്ദർശിക്കുന്നതിനും

അവരിൽ നിന്നും പരാതി ലഭിക്കുന്ന പക്ഷം സൂപ്രണ്ടിന് നൽകുന്നതിനും ചുമതലപ്പെടുത്തേണ്ടതാണ്.

നടപടി:- തദ്ദേശ സ്വയം ഭരണ വകുപ്പ്, ഡിജി.പി എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

10. അറസ്റ്റ് ചെയ്യപ്പെട്ട ഒരാളെ മജിസ്ട്രേട്ടിൻെറയോ ജുഡിഷ്യൽ ഓഫീസറുടെയോ മുൻപാകെ ഹാജരാക്കുമ്പോൾ അയാളോട് അറസ്റ്റ് ചെയ്തവരെക്കുറിച്ച് പരാതിയെന്തെങ്കിലും ഉണ്ടോയെന്ന് ചോദിക്കേണ്ടതും പരാതി ഉണ്ടെന്ന് പറയുന്ന പക്ഷം അത് റിക്കോർഡ് ചെയ്യേണ്ടതും ശരീരത്തിൽ മുറിവോ മറ്റോ ഉണ്ടെങ്കിൽ അവ പരിശോധിച്ച് റിക്കോർഡ് ചെയ്ത ശേഷം ചികിത്സക്കായി അയക്കേണ്ടതുമാണ്. ( ഈ ഉപദേശം ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.)

നടപടി:- ഹൈക്കോടതി രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്

11. അഡ്വക്കേറ്റ്മാരെ ജയിലിലെ അവരുടെ കക്ഷിയെ രാവിലെ ഏതു സമയത്തും സന്ദർശിക്കുന്നതിന് അനുമതി നൽകേണ്ടതും ജയിലിൻെറ ഗേറ്റിൽ വച്ചല്ലാതെ മറ്റെവിടെയെങ്കിലും വച്ച് സംസാരിക്കുന്നതിന് സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതുമാണ്.

നടപടി:- ജയിൽ ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

12. കോടതിയിൽ നിന്നും തടവുകാരെ മോചിപ്പിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് അതിൻെറ അന്തസത്ത മനസ്സിലാക്കി ഏതുസമയത്ത് ഉത്തരവ് ലഭിച്ചാലും കർശനമായി ജയിലധികാരികൾ നടപ്പാക്കേണ്ടതാണ്.

നടപടി:- അവധി ദിവസങ്ങൾ കണക്കാക്കാതെ തന്നെ ആയത് നടപ്പാക്കാൻ ജയിൽ ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

13. തടവുകാരെ കാണാൻ വരുന്നവരെ, അവരെ സന്ദർശിക്കുന്നതിന് നിശ്ചിത സമയം നിശ്ചയിച്ചിട്ടില്ലാത്ത പക്ഷം പകൽ ഏതു സമയത്തും കാണുന്നതിന് അനുവദിക്കേണ്ടതാണ്. അവരെ ജയിൽ ഗേറ്റിനു മുന്നിൽ അധികനേരം കാത്തു നിൽക്കാൻ അനുവദിക്കാൻ പാടില്ല.

നടപടി:- ജയിൽ ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

14. തടവുകാരെ കാണുന്നതിന് നൽകുന്ന അപേക്ഷകളുടെ വിവരങ്ങൾ അതിനായി സൂക്ഷിക്കുന്ന രജിസ്റ്ററിൽ ജയിൽ അധികാരികൾ രേഖപ്പെടുത്തേണ്ടതും, അപേക്ഷ അനുവദിച്ചില്ലെങ്കിൽ രജിസ്റ്ററിലും അപേക്ഷയിലും രേഖപ്പെടുത്തേണ്ടതും ആണ്. അപേക്ഷ നിരസിക്കുന്നതിനെതിരെ നൽകുന്ന പരാതികൾ ജയിൽ അധികാരികൾ ഗൗരവത്തോടെ പരിശോധിക്കേണ്ടതാണ്.

നടപടി:- ജയിൽ ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

15. ഒരു ദിവസം ഒരു തടവുകാരനെ കാണാൻ രണ്ടു പേർക്ക് അനുവാദം നൽകാവുന്നതാണ്. കോടതിയിൽ നിന്നോ നിയമപരമായോ ഉള്ള നിരോധനം ഇല്ലാത്തപക്ഷം തടവുകാരെ എല്ലാ ദിവസവും സന്ദർശിക്കുന്നതിന് സന്ദർശകർക്ക് അനുവാദം നൽകാവുന്നതാണ്.

നടപടി:- ജയിൽ ചട്ടങ്ങൾക്ക് വിധേയമായി പ്രസ്തുത ശുപാർശ നടപ്പാക്കുവാൻ ജയിൽ ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

16. ഒരു തടവുകാരന് അസുഖം ബാധിക്കുകയോ അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയോ ചെയ്യുന്ന പക്ഷം ഇക്കാര്യം കോടതിയിലും അദ്ദേഹത്തിൻെറ ഏറ്റവും അടുത്ത ഏതെങ്കിലും ഒരു ബന്ധുവിനെയും അറിയിക്കേണ്ടതാണ്.

നടപടി:- ജയിൽ ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

17. ആശുപത്രിയിൽ കഴിയുന്ന തടവുകാരെ അവരുടെ ബന്ധുക്കൾക്ക് കാണുവാൻ അനുവാദം നൽകേണ്ടതാണ്. സെല്ലിലെ കോൺസ്റ്റബിൾമാർക്ക് ഇതിനായി നിർദ്ദേശം നൽകേണ്ടതാണ്.

നടപടി:-ജയിൽ ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

18. ജയിലിൽ കഴിയുന്ന തടവുകാരന് എന്തെങ്കിലും മുറിവുകൾ ഉണ്ടായാൽ അത് അദ്ദേഹത്തെ ജയിലിലേക്കയച്ച കോടതിയെയും തടവുകാരൻെറ ബന്ധുക്കളെയും അറിയിക്കേണ്ടതും അദ്ദേഹത്തിന് വൈദ്യസഹായം നൽകേണ്ടതുമാണ്.

നടപടി:-ജയിൽ ഡി.ജി.പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

19. ജയിലിലെ നീക്കങ്ങൾ നിരീക്ഷിക്കുന്നതിന് എല്ലാ സബ്ജയിലുകളിലും ജില്ലാ ജയിലുകളിലും ക്ലോസ്ഡ് റ്റി.വി. ശൃഖല സ്ഥാപിക്കേണ്ടതാണ്.

നടപടി:- മോഡണൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് വരുന്നു.

20. ജില്ലാ പബ്ളിക് പ്രോസിക്യൂട്ടർ, ജില്ലാ കോടതിയിൽ പ്രാക്ടീസ് നടത്തുന്ന രണ്ട് വക്കീലന്മാർ, സമീപത്തുള്ള കോളെജിലെ പ്രിൻസിപ്പൽ, കോർപ്പറേഷൻ/മുൻസിപ്പാലിറ്റി കൗൺസിലർ എന്നിവരടങ്ങുന്ന ഒരു ജാഗ്രതാ കമ്മിറ്റി രൂപീകരിക്കുകയും അവർക്ക് ഏതു സമയത്തും നോട്ടീസ് നൽകാതെ ജയിൽ സന്ദർശിക്കുന്നതിനും തടവുകാരുമായി സംസാരിക്കുന്നതിനും അനുവാദം നൽകേണ്ടതുമാണ്. ഈ സന്ദർശനത്തിൻെറ അടിസ്ഥാനത്തിൽ പബ്ളിക് പ്രോസിക്യൂട്ടർ റിപ്പോർട്ട് തയ്യാറാക്കി, ബന്ധപ്പെട്ട ജില്ലാ ജഡ്ജിക്ക്, മാസത്തിൽ ഒരു തവണയെങ്കിലും റിപ്പോർട്ട് നൽകേണ്ടതാണ്. സബ് ജയിലിൻെറ കാര്യത്തിലും ഏറ്റവും അടുത്ത കോടതിയിലെ അഡീഷണൽ പബ്ളിക് പ്രോസിക്യൂട്ടറുടെ നേതൃത്വത്തിൽ മേല്പറഞ്ഞ തരത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും അസിസ്റ്റൻറ് സെഷൻസ് ജഡ്ജ് / മജിസ്ട്രേട്ടിനു മുൻപാകെ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

നടപടി:- ഇപ്പോൾ തന്നെ കമ്മിറ്റികൾ നിലവിലുണ്ട്. ജയിൽ ചട്ടങ്ങൾക്ക് വിധേയമായി കമ്മീഷൻ ശുപാർശ നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

21. കുറഞ്ഞ അളവിൽ മദ്യം കൈവശം വയ്ക്കുന്നത് ചെറിയ തരത്തിലുള്ള കുറ്റമായി കണക്കാക്കി അത്തരത്തിലുള്ള ശിക്ഷ നൽകുന്നതിനുവേണ്ടിയും കേസ് മജിസ്ട്രേട്ട് കോടതിയിൽ വാദിക്കത്തക്കതാക്കുന്നതിനും / ഒത്തുതീർപ്പാക്കുന്നതിനും അബ്കാരി ആക്ട് ഭേദഗതി ചെയ്യേണ്ടതാണ്.

നടപടി:- നികുതി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.